DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

10.04.2019

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ചെറുപഴങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487 2370773, 9497412597, 9074403449 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## അവധിക്കാല പരീശീലന പരിപാടി

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആൻഡ് ട്രെയിനിംഗ് യൂണിറ്റ് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ഗാർഡനിംഗിൽ ഒരു മാസത്തെ അവധിക്കാല പരിശീലന പരിപാടി നടത്തുന്നു. ടെറേറിയം നിർമ്മാണം, ടയർ ഗാർഡൻ, വെർട്ടിക്കൽ ഗാർഡൻ, ലാൻഡ്സ്കേപ്പിങ്, പാഴ് വസ്തുക്കളിൽ നിന്നും അലങ്കാര വസ്തുക്കളുടെ നിർമ്മാണം എന്നിവയിൽ ഇന്ന് പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ രാവിലെ 10 മണിയ്ക്ക് മുൻപായി ഹൈടെക് റിസർച്ച് ആൻഡ് ട്രെയിനിംഗ് യൂണിറ്റ് ഇൻസ്ട്രക്ഷണൽ

ഫാമിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 7025498850 എന്ന നമ്പറിൽ ബന്ധപ്പെടുക.

## അറിയിപ്പ്

പത്തനംതിട്ട ജില്ലയിൽ പുല്ലാട് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചമുളക്, തക്കാളി, വഴുതന, പടവലം, പാവൽ, കോവൽ, പപ്പായ, അഗത്തിചീര, വെണ്ട എന്നിവയുടെ തൈകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0469-2661917 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

തിരുവനന്തപുരം ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ ശ്രേയസ് ഇനത്തിലുള്ള നെൽവിത്ത് കിലോ ഗ്രാമിന് 40 രൂപ നിരക്കിൽ ലഭ്യമാണ്. കൂടാതെ പച്ചക്കറി വിത്തുകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0470-2644291 എന്ന നമ്പരിൽ ഫാമുമായോ, അഥവാ കൃഷിഭവനുമായോ ബന്ധപ്പെടുക.

## പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2019 ഏപ്രിൽ മാസത്തിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. ഏപ്രിൽ മാസം 11,12 തീയതികളിൽ മുട്ടക്കോഴി വളർത്തലിലും, 25 മുതൽ 27 വരെ ഇറച്ചിക്കോഴിവളർത്തലിലും പരിശീലനം നൽകുന്നു. അധിക വിവരങ്ങൾക്ക് 0471-2732918 എന്ന നമ്പരിൽ ബന്ധപ്പെടുക.

# തേനീച്ചവളർത്തൽ പരിശീലനം

തേനീച്ചവളർത്തലിൽ റബർബോർഡ് നടത്തുന്ന എകദിന പരിശീലന പരിപാടി ഈ മാസം 12 ന് കോട്ടയത്തെ റബർ ട്രെയ്നിംങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും. റബർതോട്ടങ്ങളിൽ നിന്നുളള അധിക വരുമാന മാർഗം എന്ന നിലയ്ക്കാണ് പരിശീലനം. പരിശീലന ഫീസ് 500 രൂപ. പട്ടികജാതി - പട്ടിക വർഗത്തിൽപ്പെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിനത്തിൽ 50 ശതമാനം ഇളവ് ലഭിക്കും. കൂടാതെ റബ്റുത്പാദക സംഘങ്ങളിൽ അംഗത്വ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവു ലഭിക്കും. താമസസൗകര്യം ആവശ്യമുളളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലന ഫീസ് ഡയറക്ടർ, റബർ ട്രെയ്നിങ് ഇൻസ്ടിറ്റ്യൂട്ട്, കോട്ടയം 686009 എന്ന പേരിൽ അക്കൗണ്ട് ട്രാൻസ്ഫർ ആയി അടയ്ക്കാം. ഫീസ് അടച്ചതിന്റെ രേഖയും അപേക്ഷകന്റെ ഫോൺ നമ്പറും സഹിതം ഇമെയിലായോ (embtnraining@rubberboard.org.in) റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0481 2353127, 2351313 എന്ന നമ്പറുകളിൽ വിളിക്കാവുന്നതാണ്.